

പാലക്കാട്

ജില്ല വികസന രേഖ

പാലക്കാട് ജില്ല വികസനരേഖ

ഡോ. എം. പി. പരമേശ്വരൻ

കേരള
ശാസ്ത്ര സാഹിത്യ
പരിഷത്ത്

കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ 1981 ഒക്ടോബർ 2 മുതൽ നവംബർ 7 വരെയുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ കെടാകുളത്തുനിന്നും കണ്ണൂർജില്ലയിലെ പയ്യന്നൂരിൽനിന്നും തൃശ്ശൂർ വരെ ഓരോ ശാസ്ത്രകലാജാഥ നടത്തുന്നു. അതോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഒരു ലഘുലേഖയാണിത്.

PALGHAT DISTRICT - DEVELOPMENT PERSPECTIVE

Dr. M. P. Parameswaran

Published in October 1981

Published and distributed by
Kerala Sastra Sahitya Parishad

Quilon 691013

Printed at Sindhu Printers, Thirumala

Cover: Chandranandan

Price Re. 0.50

KSSP 180/81 SKJ 17 FC/8 172000

Paper used for the Printing of this book has been made available by Government of India at Concessional rate.

പാലക്കാട് ജില്ല—വികസനരേഖ

[പ്രകൃതി വിഭവങ്ങളാൽ സമ്പന്നയെങ്കിലും ഒരു പിന്നോക്ക ജില്ലയാണ് പാലക്കാട്. അതിന്റെ വികസനത്തിനുള്ള പ്രത്യേകശ്രമത്തിന് എങ്ങനെ രൂപം കൊടുക്കണം എന്നതിനെപ്പററി 1981 ഫെബ്രുവരി 13ന് പാലക്കാട് ടൗൺഹാളിൽവച്ചു നടന്ന ചർച്ചയിൽനിന്നും പിന്നീട് വിവിധ വിദഗ്ധൻമാരുമായി നടന്ന ചർച്ചയിൽനിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളുടെ ക്രോഡീകരണമാണ് ഇവിടെ കൊടുക്കുന്നത്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഊർജിതവികസനശ്രമം നടക്കണമെങ്കിൽ അതിന് ജനങ്ങളുടെ സമ്മർദം ഉണ്ടായേ തീരൂ. അതിനുകൂടി ഉപകരിക്കണം ഈ ലഘുലേഖ എന്നാണ് ഞങ്ങളുടെ ആഗ്രഹം]

സ്ഥിതിവിവരങ്ങൾ

നാലരലക്ഷത്തോളം ഹെക്ടർ വിസ്തീർണമുള്ളതും 21 ലക്ഷം ജനങ്ങൾ അധിവസിക്കുന്നതുമായ ഒരു ജില്ലയാണ് പാലക്കാട്. ഏററയിറക്കങ്ങളോടുകൂടിയ ഭൂപ്രകൃതി. വിശാലവും ഫലഭൂയിഷ്ഠവുമായ നെൽപാടങ്ങൾ. പശ്ചിമഘട്ടവും പാലക്കാടു ചുരവും ഈ ജില്ലയുടെ കാലാവസ്ഥ നിർണയിക്കുന്നു. കേരളത്തിലെ ഏററവും കുറവ് മഴയുള്ള ജില്ലയാണത്—വർഷത്തിൽ 2400 മില്ലിമീററർ. ജൂലായ്മാസത്തിലാണ് ഏററവും കൂടുതൽ മഴ. നീണ്ട വേനൽക്കാലമുണ്ട്. സംസ്ഥാനത്തിലെ ഏററവും ഉയർന്ന താപനില രേഖപ്പെടുത്തിയിട്ടു

ളടതും പാലക്കാട്ട് ജില്ലയിലാണ്. ഇടനാടും മലനാടും മാത്രമേ ഈ ജില്ലയിലുള്ളു, തീരപ്രദേശമില്ല.

ഭാരതപ്പുഴയും പോഷകനദികളും ആണ് ഈ ജില്ലയിലെ മുഖ്യനീർവാർച്ചാവ്യൂഹം. അതിലുള്ള ജലസേചനപദ്ധതികൾ (മലമ്പുഴ തുടങ്ങിയവ) മൊത്തം ഏതാണ്ട് 40000 ഹെക്ടർ ഭൂമിക്ക് നനവെള്ളം നൽകുന്നു. കേരളത്തിലെ ഇതര ജില്ലകളെ അപേക്ഷിച്ച് നെൽകൃഷിക്ക് ഈ ജില്ലയിൽ അമിത പ്രാധാന്യമാണുള്ളത്. മററു ജില്ലകളിലെ ശരാശരി നെൽകൃഷി വിസ്തീർണ്ണം മൊത്തം വിളഭൂമിയുടെ 25 ശതമാനത്തിൽ കുറവായിരിക്കെ, പാലക്കാട്ട് ജില്ലയിൽ അത് 60 ശതമാനത്തോളം വരും. ഇതും ജലസേചനപദ്ധതികളും കൂടിയാണ് പാലക്കാട്ട് ജില്ലയെ കേരളത്തിന്റെ നെല്ലറയാക്കുന്നത്.

ഭാരതപ്പുഴയിലൂടെ വർഷംപ്രതി സമുദ്രത്തിലേക്ക് ഒഴുകിപ്പോകുന്ന വെള്ളം 654 കോടി ഘനമീററാണ്. അതിൽ 335 കോടി ഘനമീററർ മാത്രമേ ഉപയോഗത്തിന് ലഭിക്കൂ. അതും അണക്കെട്ടുകളുടെ സഹായത്തോടെ. ഇത് കൃഷി, വ്യവസായം മുതലായ ആവശ്യങ്ങൾക്ക് മതിയാകുന്നതല്ല. പാലക്കാട്ജില്ല ഭൂഗർഭജലത്തിന്റെ കാര്യത്തിൽ സമ്പന്നയാണ്. അതുംകൂടെ ഉപയോഗിച്ചാലെ ഇവിടത്തെ ആവശ്യങ്ങൾ നിറവേററപ്പെടൂ.

യാത്രാസൗകര്യം, വ്യവസായം, ആരോഗ്യസൗകര്യം, വിദ്യാഭ്യാസം—എല്ലാ മേഖലകളിലും പിന്നോക്കമാണ് ജില്ലയുടെ നില.

വ്യവസായവൽക്കരണത്തിന് ഉയർന്ന സാധ്യതകളുണ്ട്. വാളായർ ചുണ്ണാമ്പുകല്ല് (ഏതാണ്ട് ഒരു കോടി ടൺ) മാത്രമേ ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളു. എങ്കിലും കഞ്ചിക്കോട്—വാളയാർ പ്രദേശം ഇപ്പോൾതന്നെ ഒരു വ്യവസായ മേഖലയായി വളർന്നുവരികയാണ്. ഷൊർണൂർ—പാലക്കാട് പ്രദേശത്തിനും വളർച്ചസാധ്യത ഉണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ ജില്ലയുടെസ്ഥിതി പരുങ്ങലിലാണ് "സൈലൻറ് വാലിപദ്ധതിയുടെ പേരിലുള്ളർത്ത

ക്കം പറഞ്ഞ് മററ് സാധ്യതകൾകൂടി തടയപ്പെട്ടിരിക്കയാണ്. പദ്ധതി തടയപ്പെട്ടത് ശരിയാണോ, തെററാണോ എന്ന കാര്യത്തെക്കുറിച്ച് ഇപ്പോഴും തർക്കം നടക്കുകയാണ്. പക്ഷെ ഒരു കാര്യത്തിൽ സംശയമില്ല. പദ്ധതി അംഗീകരിച്ചുകഴിഞ്ഞാൽ തന്നെ ചുരുങ്ങിയത് 10 കൊല്ലമെങ്കിലും വേണ്ടിവരും അതിൽനിന്ന് വൈദ്യുതി ലഭിക്കുമാറാകാൻ. നനവെള്ളം കിട്ടാനോ ചുരുങ്ങിയത് 15 കൊല്ലവും. കാഞ്ഞിരപ്പുഴ പദ്ധതിയുടെ അനുഭവം പച്ചക്ക് നമ്മുടെ മുമ്പിലുണ്ട്. പദ്ധതികൊണ്ട് അവകാശപ്പെടുന്നത്ര പ്രദേശത്ത് വെള്ളം കിട്ടുമോ എന്ന കാര്യത്തിലും സംശയമുണ്ട് അതിനാൽ ജില്ലക്ക് ആവശ്യമായ വൈദ്യുതി നൽകുന്നതിനും നനവെള്ളം ലഭ്യമാക്കുന്നതിനും മററു സംവിധാനം ഉടനെഉണ്ടാക്കേണ്ടിയിരിക്കുന്നു.

ജില്ലയിൽ വ്യവസായങ്ങൾക്ക് കൂടുതൽ ഭൂമി ലഭ്യമാണ് വിലയും കുറവാണ്. വിദഗ്ധലോഹ വ്യവസായത്തിൻെറ പാരമ്പര്യമുണ്ട്—ഇരുമ്പും ഓടും.

വികസനതന്ത്രം

മേൽപറഞ്ഞ വസ്തുതകളെ അടിസ്ഥാനമാക്കിയാണ് ജില്ലയുടെ വികസനത്തിനുള്ള തന്ത്രം ആവിഷ്കരിക്കേണ്ടത്. വികസനത്തിന് സാമ്പത്തികം മാത്രമല്ല, രാഷ്ട്രീയവും സാമൂഹ്യവുമായ വശങ്ങളുണ്ട്. ധനികരെ കൂടുതൽ ധനികരും ദരിദ്രരെ കൂടുതൽ ദരിദ്രരും ആക്കുന്ന ഇന്നത്തെ പ്രവണത തടയുന്നതിന് പററുന്നതായിരിക്കണം ഈ തന്ത്രം. ശരിയായ രാഷ്ട്രീയ നേതൃത്വമുണ്ടെങ്കിലേ ഇത് സാധ്യമാകൂ; ആസൂത്രണവും നിർവഹണവും ജനാധിപത്യപരമാക്കിയാലേ അതിനുറപ്പുവരുത്താൻ സാധിക്കൂ. കാർഷികമേഖലയിൽ ചെറുകിട—ഇടത്തരം കൃഷിക്കാരെ ശക്തിപ്പെടുത്തുക എന്നതായിരിക്കണം തന്ത്രം. വ്യാവസായിക മേഖലയിൽ കൈത്തൊഴിൽകാരെയും ചെറുകിട, ഇടത്തരം വ്യവസായങ്ങളെയും ആധുനികവൽക്കരിക്കുക

യു ശക്തിപ്പെടുത്തുകയും ചെയ്യുക. അവയ്ക്ക സഹായകമാകുംവിധത്തിലുള്ള വൻകിട യൂണി ററുകൾ സ്ഥാപിക്കുക—ഇതായിരിക്കണം തന്ത്രം ഏററവും പ്രധാനപ്പെട്ട പശ്ചാത്തലസൗകര്യങ്ങൾ വൈദ്യുതിയും വെള്ളവുമാണ്. വൈദ്യുതി വേണ്ടത്ര, വേണ്ടിടത്ത് എത്തിക്കാൻ ക്രാഷ് പരിപാടിവേണം. അതുണ്ടായാൽ വെള്ളം വേണ്ടത്ര കിട്ടാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയും.

കൃഷി

ഉയർന്ന സാങ്കേതിക രീതികൾ വ്യാപകമായി ഉപയോഗിക്കാൻ പററുന്ന ജില്ലയാണ്. ഉടമസ്ഥാവകാശത്തിൻെറ കേന്ദ്രീകരണമോ വൻതോതിലുള്ള യന്ത്രവൽക്കരണമോ (ട്രാക്ടർ മുതലായവ) ഇതിന്നാവശ്യമില്ല. ശാസ്ത്രീയമായ വിളമാനേജ്മെൻറ്, ജലമാനേജ്മെൻറ്, വളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം, സംസ്കരണം, സംഭരണം, വിപണനം എന്നിവയാണതിൻെറ പ്രധാന ഘടകങ്ങൾ.

നിലവിലുള്ള ജലസേചനപദ്ധതികൾ, സാധ്യമായ ചെറുകിടബണ്ടുകൾ സുലഭമായ ഭൂഗർഭജലം എന്നിവ ശാസ്ത്രീയമായി ഇണക്കിച്ചേർത്ത് വിശ്വാസനീയവും സൗകര്യപ്രദവും പ്രയാസമന്യേ പ്രാദേശികമായിത്തന്നെ കൈകാര്യം ചെയ്യാവുന്നതുമായ ഒരു ജലസേചന സംവിധാനം രൂപപ്പെടുത്താം. അത്യുൽപാദനശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുന്നവർക്ക് ഇന്ന് ഹെക്ടറിന് ഏതാണ്ട് 3½ ടൺ അരി കിട്ടുന്നു. മററുള്ളവർക്ക് ഒന്നര ഒന്നേമുക്കാൽ ടണ്ണേ കിട്ടുന്നുള്ളു. ജലസേചനം ലഭ്യമാക്കുകയും, വളം മുതലായവ കടമായിക്കൊടുക്കാൻ വേണ്ട സംവിധാനമുണ്ടാക്കുകയും ചെയ്താൽ ജില്ലയുടെ നെല്ലുൽപാദനം ഒരു ദശാബ്ദത്തിനുള്ളിൽ ഇരട്ടിയായി വർധിപ്പിക്കാവുന്നതാണ്. ചെറുകിട—ഇടത്തരം കർഷകരെയായു ഇതിന് ആശ്രയിക്കേണ്ടത്. ഇതിന് താഴെ പറഞ്ഞ ന്ന നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.ന്ന

1 തൂർന്നുവരുന്ന റിസർവോയറുകളുടെ ചുററുമുള്ള മണ്ണൊലിപ്പ് തടയാൻ ഉടനടി സംവിധാനമുണ്ടാക്കുക. വനംവെക്കുക, കോണ്ടൂർബണ്ട് കെട്ടുക മുതലായ പ്രവർത്തനങ്ങൾ വേണ്ടിവരും ഇതിന്. നിലവിലുള്ള ഏഴു റിസർവോയറുകളുടെ നീർവാർച്ചാ പ്രദേശത്തെ ഇങ്ങനെ സുരക്ഷിതമാക്കുന്നതിന് ഒരു പ്രത്യേകപദ്ധതി വേണം. എല്ലാ റിസർവോയറുകളുടെ നീർവാർച്ചാ പ്രദേശങ്ങളിലും മൺസംരക്ഷണപ്രവർത്തനങ്ങൾ നടത്താൻ നാലോ അഞ്ചോ കോടി രൂപവേണ്ടിവന്നേക്കും. പക്ഷെ, ഈ തുക മുഴുവൻതന്നെ പണിക്കൂലിയായി നൽകേണ്ടതാണ്. ഇതിൻെറ ഫലമായി ചുരുങ്ങിയത് 25 ലക്ഷം തൊഴിൽ ദിനങ്ങളെങ്കിലും സൃഷ്ടിക്കപ്പെടുന്നതാണ്.

2 ഇപ്പോഴുള്ള കനാലുകൾക്ക് ഫീഡർ കനാലുകൾ നിർമിച്ച് ഓരോ കർഷകനും നനവെള്ളം എത്തിക്കാൻ സംവിധാനം ഉണ്ടാക്കണം. ഇതിനും ഒന്നോ രണ്ടോ കോടി രൂപ വന്നേക്കും. മുഴുവൻ കൂലിച്ചെലവാണ്. ചുരുങ്ങിയത് 10 ലക്ഷം തൊഴിൽ ദിനങ്ങൾ ഉണ്ടാക്കാൻ ഇതുകൊണ്ട് കഴിയും.

3 പദ്ധതികളിൽനിന്ന് വെള്ളം കിട്ടാത്ത സമയമുണ്ട്. 'സ്ഥലങ്ങളുമുണ്ട്. വേണ്ട സമയത്ത് വേണ്ടത്ര വെള്ളംകിട്ടുമെന്ന് ഉറപ്പുവരുത്തണമെങ്കിൽ ഭൂഗർഭജലംകൂടി ഉപയോഗിക്കണം. നിലവിലുള്ള കുളങ്ങളും കിണറുകളും നന്നാക്കുക, പുതിയവ കുഴിക്കുക, കുഴൽ കിണറുകൾ സാധ്യമായിടങ്ങളിൽ അവയുണ്ടാക്കുക, ഇവിടെയെല്ലാം പമ്പുസെററുകൾ സ്ഥാപിക്കുക—അങ്ങനെ ചുരുങ്ങിയത് 30,000 ഹെക്ടാർ സ്ഥലത്തെങ്കിലും വിശ്വസനീയവും നിയന്ത്രണവിധേയവുമായ ജലസേചനം ഉറപ്പുവരുത്തുക. ഇതിന് ഏതാണ്ട് 20—25 കോടി രൂപ ചെലവ് വരും. ഇത് നേരിട്ട് ഏതാണ്ട് 20—30 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതാണ്. ഇതിൻെറ ഫലമായി കൂടുതൽ സ്ഥലത്ത് ഒന്നിലധികം വിളവിറക്കാറാവുകയും തൽഫലമായി കാർഷികമേഖലയിൽ വർഷംപ്രതി ചുരു

ങ്ങിയത്, 30 ലക്ഷം തൊഴിൽദിനങ്ങൾ കൂടുതലായി ഉണ്ടാവുകയും ചെയ്യും. മണ്ണാർക്കാട്, ഒററപ്പാലം, പാലക്കാട് താലൂക്കുകളിലെ സൈലൻറ് വാലി പദ്ധതികൊണ്ട് നനവെള്ളം കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന പ്രദേശങ്ങളിലായിരിക്കണം ഇതിലെ 15000 ഹെക്ടാർ സ്ഥലമെങ്കിലും. കൃഷിക്കാർക്ക്, പ്രത്യേകിച്ച് ദരിദ്രകൃഷിക്കാർക്കും ഇടത്തരം കൃഷിക്കാർക്കും, ഇതിനുവേണ്ടി പണം ചെലവാക്കാൻ സാധിക്കില്ല. ഒരു ഹെക്ടാർ വരെമാത്രം ഭൂമിയുള്ളവർക്ക് ഗവൺമെൻറ് പമ്പു സെററുകൾ സൗജന്യമായി കൊടുക്കണം, കിണർ കുഴിച്ചുകൊടുക്കണം; ഒന്നുമുതൽ നാല് ഹെക്ടാർവരെയുള്ളവരിൽനിന്ന് പകുതിച്ചെലവും അതിനുമുകളിലുള്ളവരിൽനിന്ന് മുഴുവൻ ച്ചെലവും ഈടാക്കാവുന്നതാണ് ഇതിനെല്ലാംകൂടി 10–15 കോടി രൂപയിലധികംവരില്ല. സൈലൻറ്വാലി പദ്ധതിയിൽ ജലസേചനത്തിൻെറ ഭാഗംമാത്രമായി മെയിൻ കനാലും ഫീഡർ കനാലുകളുമടക്കം, ചുരുങ്ങിയത് 30 കോടി രൂപയെങ്കിലുംവേണ്ടിവരും. ചെറുകിട ഇടത്തരം കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനികൾ, കൂലിച്ചെലവ് എന്നിവക്കായി ആവശ്യമായ കടം ലഭിക്കാനും ഉൽപന്നങ്ങൾ ന്യായമായ വിലക്ക് വിൽക്കുവാനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ഇതിനായി ചുരുങ്ങിയത് 5 കോടി രൂപയെങ്കിലും നീക്കിവെക്കണം.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ നടത്തിയാൽ, അതിനായി മൊത്തം ഏതാണ്ട് 60–70 ലക്ഷം തൊഴിൽദിനങ്ങൾ വേണ്ടിവരുന്നതിനുപുറമേ ചുരുങ്ങിയത് 30000 പേർക്കെങ്കിലും കാർഷികമേഖലയിൽ സ്ഥിരമായി (കൊല്ലത്തിൽ 200 ദിവസം) തൊഴിൽ ലഭിക്കുന്നതായിരിക്കും; ചുരുങ്ങിയത് 80000–90000 ടൺ അരിയെങ്കിലും വർഷംപ്രതി കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിയുന്നതാണ്.

വ്യവസായം

1. *സ്ററീൽ റീ റോളിങ്ങ്മിൽ:* ബൊക്കാറൊ റൂർക്കില, ദുർഗാപൂർ എന്നീ സ്ററീൽ പ്ളാൻറുകളിൽ ഉൽപാദിപ്പിക്കുന്ന സ്ററീൽ ഇംഗോട്ട് (കട്ടി)കളിൽ ഒരു ഭാഗം, ഷീററ്, റോഡ് മുതലായവയാക്കി റീറോളാൻ വേണ്ടത്ര വൈദ്യുതി ഇല്ലാത്തതിനാൽ വിദേശത്തേക്കു കയററി അയക്കുകയാണ്. അത് ഇവിടെ കേരളത്തിൽ നടത്താവുന്നതാണ്. 150–200 കോടി രൂപ ചെലവാക്കിയാൽ പ്രതിവർഷം 10 ലക്ഷം ടൺ ഉരുക്ക് റീറോളുവാൻ കഴിവുള്ള ഒരു ഫാക്ടറി സ്ഥാപിക്കാൻ കഴിയും. അതിൻെറ ഒരു കൊല്ലത്തെ ടേണോവർ ചുരുങ്ങിയത് 400 കോടി രൂപയായിരിക്കും. ഇതിനായി ഏതാണ്ട് 4–5 കോടി യൂണിററ് വൈദ്യുതിയേ ഒരു വർഷം വേണ്ടിവരൂ. ഇന്നുതന്നെ കേരളത്തിൽ പ്രതിവർഷം 500 കോടി യൂണിററിലധികം വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്. ഇങ്ങനെയൊരു റീറോളിങ്ങ്മിൽ പാലക്കാട് ജില്ലയിൽ സ്ഥാപിക്കണമെന്നു പറഞ്ഞാൽ അത് തികച്ചും ന്യായമായ ഒരാവശ്യം മാത്രമാണ്.

2. *ലോഹവ്യവസായം:* പാലക്കാടുജില്ല– പണ്ടേ ഇരുമ്പ്–ഉരുക്ക് ഉപകരണങ്ങളുടെ നിർമാണത്തിന് പേരുകേട്ടതാണ്. ഷൊർണൂർ മുതൽ പാലക്കാടുവരെ വ്യാപിച്ചുകിടക്കുന്നു ഈ വ്യവസായമേഖല. ഇപ്പോഴത് ക്ഷയോൻമുഖമാണ്. വളരെ താണ നിലവാരത്തിലുള്ള ടെക്നോളജിയാണ് ഉപയോഗിക്കുന്നത്. ഓടുവാർക്കലും ഒരുകാലത്ത് ഇവിടെ പ്രസിദ്ധമായിരുന്നു. ഇരുമ്പ്–ഉരുക്ക് ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികളുടെയും ഫൗണ്ടറികളുടെയും ശാസ്ത്രീയമായി വിഭാവനം ചെയ്ത ഒരു ശൃംഖല ആസൂത്രണം ചെയ്യാവുന്നതാണ്.

3. *വ്യവസായ എസ്റേററുകൾ:* ഷൊർണൂർ മുതൽ പാലക്കാട്‌വരെയും മണ്ണാർക്കാട് മുതൽ പാലക്കാട് വരെയുമുള്ള റോഡിൻെറ ഇരുവശങ്ങളിലും സ്വൽപം ഉള്ളിലോട്ടുതള്ളി 5–8 കിലോമീററർ

ഇടവിട്ടുകൊണ്ട് 50 മുതൽ 100 യൂണിററ് വീതംവരെയുള്ള വ്യവസായ എസ്റേററുകളുടെ ഒരു മാസ്ററർപ്ളാൻ ആസൂത്രണം ചെയ്യേണ്ടതാണ്. മെഷീൻ ടൂളുകൾ, മോട്ടോറുകൾ, പമ്പുസെററുകൾ, പൊടിക്കൽ യന്ത്രങ്ങൾ, ഓട്ടോ സ്പെയർപാർട്ടുകൾ, തുടങ്ങി ഒട്ടേറെ എൻജിനീയറിങ്ങ് ഉൽപന്നങ്ങളും ഇവക്കോരോന്നിനും ആവശ്യമായ പാർട്ടുകൾ ഉണ്ടാക്കുന്ന യൂണിററുകളും നൂറുകണക്കിന് ഉപഭോഗസാധനങ്ങൾ ഉണ്ടാക്കുന്ന യൂണിററുകളുംകൂടി പരസ്പരബന്ധിതമായ, അസംസ്കൃതപദാർഥങ്ങളും അർധസംസ്കൃതപദാർഥങ്ങളും അന്യോന്യം ലഭ്യമാക്കുന്ന ഒരു സംവിധാനമാണ് വേണ്ടത്. കർണാടകത്തിലെ മെററഹള്ളി എസ്റേററിൽ 4000ത്തോളം യൂണിററുകൾവരും. പീനിയയിൽ പതിനായിരത്തോളം യൂണിററുകൾ വരും.

സൈലൻറ്വാലി പദ്ധതി ഉണ്ടായിരുന്നെങ്കിൽ ഈ പ്രദേശത്ത് 50–60 കോടിരൂപ ചെലവഴിക്കപ്പെടുമായിരുന്നു. അതിൻെറ പകുതിതുകയെങ്കിലും ഈ പ്രദേശത്തിൻെറ വിശേഷാൽ വ്യവസായവൽക്കരണത്തിനായി ചെലവാക്കേണ്ടതാണ്.

4. *മററു വ്യവസായങ്ങൾ:* ചുരുങ്ങിയത് ഒരു ലക്ഷം സ്പിൻഡിലെങ്കിലുമുള്ള ഒരു സ്പിന്നിങ്ങ്മിൽ, ആധുനികരീതിയിലുള്ള റൈസ്മിൽ, ഉമി ഉപയോഗിച്ചുള്ള ആക്ററിവേററഡ് കാർബൺ, ഫൈൻസിലിക്ക, ആഷ്മോസ് സിമൻറ് മുതലായ വ്യവസായങ്ങൾ, പഞ്ചസാരമിൽ, അച്ചടിയന്ത്രം നിർമ്മിക്കുന്ന ഫാക്ടറി, കരിങ്കൽ കൊണ്ടുള്ള സാമഗ്രികൾ തുടങ്ങി വേറെയും ഒട്ടേറെ വ്യവസായങ്ങൾ പാലക്കാട് ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്.

ഈ അടിസ്ഥാനത്തിൽ ജില്ലയുടെ വ്യവസായവൽക്കരണത്തിന് വിശദാംശങ്ങളോടുകൂടിയ ഒരു മാസ്ററർ പ്ളാൻ തയ്യാറാക്കണം. അതിനു നേതൃത്വം നൽകേണ്ടത് ജില്ലയിൽനിന്നുതന്നെ ആയിരിക്കണം. ആവശ്യമുള്ള വിദഗ്ധൻമാരെ സംഘടിപ്പിച്ച് ഒരു 'പ്രോജക്ട്സേന' ഉണ്ടാക്കി തുടർച്ച

യായി പണിയെടുപ്പിച്ചാൽ ഒരു വർഷത്തിനുള്ളിൽ ഒട്ടൊക്കെ സന്തുലിതവും ശാസ്ത്രീയവുമായ ഒരു പദ്ധതി ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

വൈദ്യുതി

എല്ലാ വികസനത്തിനും ആധാരം വൈദ്യുതി ലഭ്യതയാണ്. ഇന്ന് പാലക്കാട് ജില്ലയുടെ ആളോഹരി വൈദ്യുതി ഉപഭോഗം കേരള ശരാശരിയുടെ നാലിലൊന്നു മാത്രമാണ്. പലേ സ്ഥലത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ല; എത്തിയേടത്തു തന്നെ വോൾട്ടേജുമില്ല. സൈലൻറ്വാലി പദ്ധതി വൈകുന്നതുകൊണ്ടാണ് ജില്ലക്ക് വൈദ്യുതി ലഭിക്കാത്തത് എന്ന വാദം തെററാണ്. പ്രേഷണവിതരണവ്യൂഹത്തിൻെറ അപാകതയാണ് കാരണം. ഉടൻതന്നെ പാലക്കാട് ഒരു 220 കെ. വി. സബ്സ്റ്റേഷൻ പണി തുടങ്ങേണ്ടതാണ്. അതുപോലെ വിതരണവ്യൂഹവും അനേകം മടങ്ങ് വിപുലപ്പെടുത്തേണ്ടതാണ്. വ്യാപകവും ശക്തവുമായ ജനകീയപ്രക്ഷോഭംകൂടാതെ ഇത് നടക്കുന്നതല്ല. വൈദ്യുതിയില്ലെങ്കിൽ വ്യവസായവൽക്കരണവും പമ്പുസെററുകൾ സ്ഥാപിക്കലും ഒന്നും നടക്കില്ല. ഇപ്പോൾ പാലക്കാട്ജില്ലയിൽ മൊത്തം ഏതാണ്ട് 4–5 കോടി യൂണിററ് വൈദ്യുതിയാണ് ഉപയോഗിക്കുന്നത്. ഈ നൂററാണ്ട് അവസാനിക്കുമ്പോഴേക്കും അത് ഏതാണ്ട് 100–120 കോടി യൂണിററായി വർധിപ്പിക്കണം. അത് സാധ്യമാക്കുന്ന വിധത്തിലിയിരിക്കണം പ്രേഷണവിതരണ വ്യൂഹം ആസൂത്രണം ചെയ്യേണ്ടത്.

ഇവിടെ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. സൈലൻറ്വാലിപദ്ധതിയുടെ കാര്യത്തിൽ ശാസ്ത്രസാഹിത്യപരിഷത്ത് എടുത്ത നിലപാടിനെക്കുറിച്ച് പല തെററിദ്ധാരണകളുമുണ്ട്. 1978 ലാണ് പരിഷത്ത് ഇതിനെപ്പററി ആദ്യമായി ഒരഭിപ്രായം പറഞ്ഞത്. അന്നുതന്നെ ഊന്നിപ്പറഞ്ഞ ഒരു കാര്യമുണ്ട്. നിരുപാധികമാ എയതിർപ്പല്ല പരിഷത്തിൻേറത്, ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ച സവിശേഷതകൾ ഒന്നും ആ വനത്തി

ല്ലെങ്കിൽ പദ്ധതിയോട് പരിഷത്തിന് ഒരെതിർപ്പും ഉണ്ടാകില്ല. അതേസമയം മലബാർപ്രദേശത്തിന് വൈദ്യുതി നൽകണമെങ്കിൽ ഈ പദ്ധതി അംഗീകരിച്ചു നടപ്പാക്കിയേ പററു എന്ന ബോർഡിന്റെ നിലപാട് ശരിയല്ലതാനും. പ്രേഷണവിതരണവ്യൂഹത്തിന് കൂടുതൽ പണം ചെലവാക്കേണ്ടതിന്റെയും അതിൽ മലബാർപ്രദേശത്തിന് പ്രത്യേക പരിഗണന നൽകേണ്ടതിന്റെയും ആവശ്യം ആദ്യമായി ഉന്നയിച്ചത് പരിഷത്താണ്. പരിഷത്തിന്റെ നിലപാട് ശരിയാണെന്ന് ആറാം പദ്ധതി അംഗീകരിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ മലബാർപ്രദേശത്ത് തുടക്കത്തിൽ 200 മെഗാവാട്ടും നൂററാണ്ട് അവസാനിക്കുമ്പോഴക്കും 1000 മെഗാവാട്ടും ശക്തിയുൽപാദിപ്പിക്കാവുന്ന ഒരു തെർമൽസ്റേറഷന്റെ ആവശ്യകതയും അന്നു പരിഷത്ത് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ അന്നെന്നല്ല, ഇന്നും അതംഗീകരിക്കപ്പെട്ടിട്ടില്ല. കേരളത്തിലെ ജലവൈദ്യുതി സമ്പത്ത് നേരത്തെ അവകാശപ്പെട്ടിരുന്നതിനേക്കാൾ കുറവാണെന്നും എത്ര ശ്രമിച്ചാലും 1990–92 ആകുമ്പോഴേക്കും ജലവൈദ്യുതികൊണ്ട് നമുക്ക് മതിയാകാതെ വരുമെന്നും അപ്പോൾ കൽക്കരി കത്തിക്കുന്ന താപനിലയങ്ങളേ ശരണമുണ്ടാകൂ എന്നും പരിഷത്ത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. താപനിലയങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള പരിചയം നമുക്കില്ല. അതിനാൽ അവ ഒഴിച്ചുകൂടാനാകാത്ത ഘട്ടമെത്തുമ്പോഴേക്കും നാം നാലഞ്ചുകൊല്ലത്തെ പരിചയമെങ്കിലും നേടിയിരിക്കണം. അതുകൊണ്ട് ഒരു താപനിലയത്തിന്റെ പണി 1978 ൽത്തന്നെ ആരംഭിക്കണമെന്ന് പരിഷത്ത് നിർദേശിച്ചു. അന്ന് കേന്ദ്ര ഗവൺമെൻറ് അതിന് തയ്യാറായതുമായിരുന്നു. എന്നാൽ ബോർഡ് അതംഗീകരിച്ചില്ല. പരിഷത്ത് വീണ്ടും പറയുകയാണ്: താപനിലയമില്ലെങ്കിൽ കേരളത്തിന്റെ ഭാവി ഇരുണ്ടതാണ്.

മലബാർപ്രദേശത്ത് ഒരു താപവൈദ്യുതിനിലയം സ്ഥാപിക്കുന്നതിനും പ്രേഷണവിതരണവ്യൂഹം ശക്തിപ്പെടുത്തുന്നതിനും ബഹുജനപ്രക്ഷോഭം ഉയരുകതന്നെ വേണം.